അനുവദിക്കുന്നത് പിന്നാക്കമുള്ള ഒരുകൂട്ടം സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സ് ഓടുന്നകളെ ബാധിക്കുമെന്നതിനാൽ പുതുതായി അധിക സ്റ്റോപ്പുകൾ അനുവദിക്കാൻ നിർവ്വാഹമില്ലെന്നുമാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്.

തപാൽ മേഖലയിലെ പരിഷ്കരണങ്ങൾ

69 (3223) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പിത്തപാൽ മേഖലയിലെ സേവനങ്ങളിൽ പലതും പ്രാദേശികമായ സൗകര്യക്കുറവുകൾമൂലം പരിഷ്കരിക്കപ്പെടേണ്ടതും മാറ്റപ്പെടേണ്ടതുമാണെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ. എങ്കിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്ന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇന്റർനെറ്റിലൂടെ വളരെ വേഗം വിവരവിനിമയത്തിന് സാധ്യതയുള്ളപ്പോൾ കുറഞ്ഞചെലവിൽ വിവരങ്ങളെത്തിക്കാൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന പോസ്റ്റ് കാർഡ്, ഇൻലന്റ് ലെറ്റർ കാർഡ് എന്നിവയിൽ കമ്പ്യൂട്ടർ പ്രിന്റ് എടുത്താൽ കാർഡിന്റെ വില 50 പൈസ എന്നതിൽ നിന്നും പടിപടിയായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഇപ്പോഴും കൂടുതലായി ഉപയോഗിക്കപ്പെടുന്ന പോസ്റ്റ് കാർഡിൽ കമ്പ്യൂട്ടർ പ്രിന്റോ, സീലോ ഉപയോഗിക്കുന്നതിന് അധിക തുക ഈടാക്കുന്ന നടപടി ഒഴിവാക്കുന്നതിന് അനുമതി തേടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പോസ്റ്റ് കാർഡിന്റെ നിരക്ക് ഇപ്പോഴും വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചിട്ടുള്ള 50 പൈസ തന്നെയാണ്. എന്നാൽ അതിന്റെ ഫോട്ടോകോപ്പി ഉപയോഗിക്കുമ്പോൾ "Printed Post Card" എന്ന വിഭാഗത്തിൽ വരുന്നതുകൊണ്ടാണ് 6 രൂപ ചാർജ്ജ് നൽകേണ്ടി വരുന്നത്.

മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം

70 (3224) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണബോർഡിൽ വിവിധ കാറ്റഗറികളിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഒഴിവുകളിലേക്കുള്ള നിയമനത്തിന് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള എല്ലാ സ്ഥിരനിയമനങ്ങളും പി.എസ്.സി. വഴി നടത്തണമെന്ന 2015 മേയ് 13-ാം തീയതിയിലെ 48/2015/ധന നമ്പർ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സർക്കാരിന് കടകവിരുദ്ധമായി മലിനീകരണ നിയന്ത്രണ ബോർഡിലെ ഒഴിവുകൾ നികത്തുന്നതിനായി എൽ.ബി.എസ്. സെന്ററിന്റെ വെബ് പേജിൽ അപേക്ഷകൾ ക്ഷണിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ സർക്കാരിന് വിരുദ്ധമായി പ്രവർത്തിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) മലിനീകരണ നിയന്ത്രണ ബോർഡിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലിനീകരണ നിയന്ത്രണ ബോർഡിൽ വിവിധ വിഭാഗങ്ങളിലായി 166 ഒഴിവുകളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

എഞ്ചിനീയറിംഗ് വിഭാഗം

അസിസ്റ്റന്റ് എഞ്ചിനീയർ	-	13

സയന്റിഫിക് വിഭാഗം

അസിസ്റ്റന്റ് സയന്റിസ്റ്റ്	-	6
സീനിയർ സയന്റിഫിക് അസിസ്റ്റന്റ്/ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്	-	37

മിനിസ്റ്റീരിയൽ വിഭാഗം

അസിസ്റ്റന്റ്	-	26
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	3
ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ്)	-	17
ഡ്രൈവർ	-	21
അറ്റന്റർ	-	10
പ്യൂൺ/ബെഞ്ച് പ്രിന്റർ	-	29
വാച്ച്മാൻ	-	4

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല

(സി) ഉണ്ട്

(ഡി) സംസ്ഥാന മറൈൻ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താനുള്ള ബില്ലിൽ നിയമനിർമ്മാണം ആകാത്ത സാഹചര്യത്തിൽ ബോർഡിലെ ഒഴിവുള്ള സയന്റിഫിക് എഞ്ചിനീയറിംഗ് തസ്തികകളിലേക്കും മറൈൻ സ്റ്റീവിയർ തസ്തികകളിലേക്കും ഒറ്റത്തവണ നേരിട്ട് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി മുഖേന നിയമനം നടത്താൻ സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഈ ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ സാങ്കേതികമായ ചില അപ്രായോഗികത ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 03.07.2015-ലെ സ.ഉ.(കൈ) നമ്പർ.10/2015/പരി. പ്രകാരം ടി നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) മറൈൻ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഉപയോഗശൂന്യമായ സി.എഫ്.ലാമ്പുകളുടെ നിർമ്മാർജ്ജനം

71 (3225) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതുസംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് തയ്യാറാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സി.എഫ്. ലാമ്പുകളുടെ റീ-സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ& ബി) സി.എഫ്.എൽ., ട്യൂബ് ലൈറ്റ് എന്നിവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദ പഠന റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് ഡൽഹിയിലെ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ 2014-ൽ ചുമതലപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly